# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്
**(ഹാജർ: ബി.സുനിൽകുമാർ)**

**സംഗ്രഹം**

വെള്ളായണി ദേവസ്വത്തിലെ തങ്കത്തിരുമുടിയുടെ കേടുപാടുകൾ പരിഹരിക്കുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ROC.7431/24/VIG/M-1**

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
**03/02/2026**

സൂചന:- 1. 27/01/2026-ലെ ROC.429/20/M നമ്പർ ബോർഡ് ഉത്തരവ്.
2. ഈ ആഫീസിലെ 29/01/2026-ലെ മേൽ നമ്പർ നടപടി ഉത്തരവ്.

## ഉത്തരവ്

നെയ്യാറ്റിൻകര ഗ്രൂപ്പിൽ വെള്ളായണി സബ്ഗ്രൂപ്പിലെ വെള്ളായണി ദേവസ്വത്തിലെ തങ്കത്തിരുമുടിയുടെ കേടുപാടുകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സൂചന (1) ബോർഡുത്തരവ് ആയിട്ടുള്ളതാണ്. തുടർന്ന് 30/01/2026-ൽ ദേവസ്വം ബോർഡ് അംഗീകൃത ജ്യോത്സ്യനായ ശ്രീ.ഡി.ശിവകുമാറിന്റെ നേതൃത്വത്തിൽ നടന്ന ദേവഹിതത്തിൽ 2026 ഫെബ്രുവരി 4-ാം തീയതി തങ്കത്തിരുമുടി പരിശോധന നടത്താമെന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ക്ഷേത്ര തന്ത്രിയുടെ മുഖ്യ കാർമ്മികത്വത്തിൽ അന്നേ ദിവസം രാവിലെ ഗണപതി ഹോമം, അനുഞ്ജ്ഞാകലശം, ആവാഹനം എന്നിവയ്ക്ക് ശേഷം തങ്കത്തിരുമുടി പുറത്തെഴുന്നള്ളിക്കാവുന്നതാണെന്ന് ദേവസ്വം തന്ത്രി അറിയിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ സൂചന (1, 2) ഉത്തരവുകൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർക്ക് വേണ്ടി
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

RGR

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) - തുടർനടപടിയ്ക്കായി
3. ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് - തുടർനടപടിയ്ക്കായി
4. തിരുവാഭരണം കമ്മീഷണർ - തുടർനടപടിയ്ക്കായി
5. ശ്രീമതി.കെ.ഉഷാകുമാരി, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹൈക്കോർട്ട് ആഡിറ്റ് വിഭാഗം (നോഡൽ ഓഫീസർ) - തുടർനടപടിയ്ക്കായി
6. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം - തുടർനടപടിയ്ക്കായി
7. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ - നെയ്യാറ്റിൻകര - മേൽ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും തുടർനടപടിയ്ക്കും
8. ഐ.റ്റി സെക്ഷൻ
9. സെക്ഷൻ ഫയൽ

AR.03/02